## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.324** **28/11/2018-ൽ മറുപടിയ്ക്ക്**

## സർക്കാർ സ്കൂളുകളിൽ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൗൺസിൽമാർക്ക് പ്രസവാവധി

| ചോദ്യം<br>ശ്രീ. എം. സ്വരാജ് | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>( ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ കരാറടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന കൗൺസിലർമാർക്ക് നിയമാനുസൃതം അർഹമായ പ്രസവാവധി ഉൾപ്പെടെയുള്ള അവധി ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഓർഗനൈസേഷൻ ഓഫ് സോഷ്യൽ വർക്കേഴ്സ് ആന്റ് കൗൺസിലേഴ്സ് എന്ന സംഘടന നൽകിയ നിവേദനത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കുമോ;<br><br>(ബി) പ്രസ്തുത നിവേദനം എന്നാണ് ലഭിച്ചതെന്നും ആയതിന്മേൽ നടപടി സ്വീകരിച്ചത് എന്നാണെന്നും അറിയിക്കുമോ ;<br><br>(സി) പ്രസ്തുത നിവേദനത്തിന്മേൽ 6 മാസത്തിലധികം യാതൊരുവിധ നടപടിയും സ്വീകരിക്കാതിരുന്നതിന്റെ കാരണം അറിയിക്കുമോ;<br><br>(ഡി) ഇത്തരത്തിൽ ഗുരുതരമായ കാലതാമസം വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (എ) യും ബി) യും സി) യും ഡി) യും സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൗൺസിലർമാർക്ക് ശമ്പളത്തോടെയുള്ള പ്രസവാവധി നൽകുന്ന വിഷയം ബന്ധപ്പെട്ട കോടതി വിധികളുടെ അടിസ്ഥാനത്തിലും കൂടുതൽ സ്കൂളുകളിലേയ്ക്ക്, കൗൺസിലർമാരെ നിയമിക്കുന്ന വിഷയം പ്രത്യേകം ഫയലുകളിൽ പരിശോധിച്ചിരുന്ന സാഹചര്യത്തിൽ, 16/05/18-ൽ ലഭിച്ച ഓർഗനൈസേഷൻ ഓഫ് സോഷ്യൽ വർക്കേഴ്സ് ആന്റ് കൗൺസിലേഴ്സിന്റെ നിവേദനത്തിന്മേൽ പ്രത്യേകമായി നടപടികൾ സ്വീകരിച്ചിരുന്നില്ല. എന്നാൽ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സൈക്കോ സോഷ്യൽ കൗൺസിലർമാരെ GO(P)28/16/Fin - ന്റെ പരിഗണനയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യവും, ഫീൽഡ് വിസിറ്റിന് ന്യായമായ യാത്രബത്ത നൽകണമെന്ന ആവശ്യവും കൂടി, നിവേദനത്തിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് കണ്ടെത്തിയതിനാൽ, നിവേദനത്തിന്മേൽ 26/11/18-ലെ കത്ത് പ്രകാരം വനിതാ ശിശു വികസന ഡയറക്ടറുടെ റിപ്പോർട്ട് തേടിയിട്ടുണ്ട്. ഇക്കാര്യത്തിൽ ബോധപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ